പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 633 11-12-2012 - ൽ മറുപടിക്ക്

## ലോക് അദാലത്തുകൾ

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
" സണ്ണി ജോസഫ്:
" എം.എ.വാഹീദ്:
" എം.പി. വിൻസെന്റ്:

**ഉത്തരം**

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും
നിയമവും ഭവന നിർമ്മാണവും
വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | സ്ഥിരമായി ലോക് അദാലത്തുകൾ സംഘടിപ്പിക്കുന്ന സംവിധാനത്തിന് തുടക്കമിട്ടിട്ടുണ്ടോ; | ഉണ്ട്. |
| (ബി) | ഇത്തരം അദാലത്തുകൾ ഏതെല്ലാം തരത്തിലുള്ള കേസുകളാണ് തീർപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം. | എല്ലാ സിവിൽ കേസുകളും; ഒത്തുതീരാവുന്നതായി 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 320-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള ക്രിമിനൽ കേസുകൾ. കോടതിയിൽ എത്തിയേക്കാവുന്ന പ്രീ-ലിറ്റിഗേഷൻ കേസുകൾ. തൊഴിൽ തർക്കങ്ങൾ, വൈവാഹിക വ്യവഹാരങ്ങൾ തുടങ്ങിയ എല്ലാ കേസുകളും ലോക് അദാലത്തിൽ പരിഗണിക്കാവുന്നതാണ്. |
| (സി) | ഏതെല്ലാം വകുപ്പുകളാണ് ഇതുമായി സഹകരിക്കുന്നത്; | എല്ലാ വകുപ്പുകളും കേരള സ്റ്റേറ്റ് ലീഗൽ അതോറിറ്റിയുടെ ലോക് അദാലത്തുമായി സഹകരിക്കുന്നുണ്ട്. |
| (ഡി) | യാത്രാ ക്ലേശമുള്ള സ്ഥലങ്ങളിൽ സഞ്ചരിക്കുന്ന ലോക് അദാലത്തുകൾ ഏർപ്പെടുത്തുമോ? | ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇതിലേയ്ക്കായി കെൽസയുടെ സുസജ്ജമായ സഞ്ചരിക്കുന്ന ലോക് അദാലത്ത് വാൻ കേരളത്തിലുടനീളം പര്യടനം നടത്തുന്നുണ്ട്. |

ഉത്തരവിൻപ്രകാരം,

(signature)

സെക്ഷൻ ഓഫീസർ.